ക്രമ നമ്പർ	മത്സ്യമാർക്കറ്റിന്റെ പേര്	ജില്ല	നിയോജക മണ്ഡലം
1	തൊടുപുഴ	ഇടുക്കി	തൊടുപുഴ
2	ഏറ്റുമാനൂർ	കോട്ടയം	ഏറ്റുമാനൂർ
3	വൈക്കം	കോട്ടയം	വൈക്കം
4	ചങ്ങനാശ്ശേരി	കോട്ടയം	ചങ്ങനാശ്ശേരി
5	മാള	തൃശ്ശൂർ	കൊടുങ്ങല്ലൂർ
6	ഇരിഞ്ഞാലക്കുട	തൃശ്ശൂർ	ഇരിഞ്ഞാലക്കുട
7	കണ്ണൂർ	കണ്ണൂർ	കണ്ണൂർ
8	പള്ളുരുത്തി	എറണാകുളം	തൃപ്പൂണിത്തുറ
9	കൽപ്പറ്റ	വയനാട്	കൽപ്പറ്റ
10	കാസർഗോഡ്	കാസർഗോഡ്	കാസർഗോഡ്
11	തലശ്ശേരി	കണ്ണൂർ	തലശ്ശേരി
12	നിലമ്പൂർ	മലപ്പുറം	നിലമ്പൂർ

(സി) 2011-12, 2012-13 എന്നീ കാലയളവിൽ ഭരണാനുമതി ലഭിച്ചതും നിർമ്മാണ പ്രവർത്തനങ്ങൾ തുടർന്നുവരുന്നതുമായ 12 മത്സ്യമാർക്കറ്റുകളുടെ പൂർത്തീകരണത്തിനാണ് 2014-15 വർഷം വകയിരുത്തിയിരുന്ന തുക വിനിയോഗിച്ചത്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

മത്സ്യത്തൊഴിലാളികൾക്ക് ഉപജീവന സഹായം

162 (166) ശ്രീ. എ. പ്രദീപ്കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മത്സ്യബന്ധനം സാദ്ധ്യമല്ലാത്ത കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് ഉപജീവന സഹായം ലഭ്യമാക്കുന്നതിന് 2014-15 ബഡ്ജറ്റിൽ എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ബഡ്ജറ്റിൽ ഓരോ ജില്ലയ്ക്കും അനുവദിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സഹായത്തിനായി ഓരോ മത്സ്യഗ്രാമത്തിൽനിന്നും എത്ര വീതം അപേക്ഷകർ ഉണ്ടായിരുന്നു ; ഇതിൽ എത്രപേർ സഹായത്തിനർഹത നേടി ; എത്ര പേർക്ക് ധനസഹായം ലഭ്യമായി ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം ട്രോൾബാൻ കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിനായി 20 ലക്ഷം രൂപയും പഞ്ഞമാസ കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതിനായി ബജറ്റിൽ 20 കോടി രൂപയും അഡീഷണൽ ഓതറൈസേഷൻ ആയി 1 കോടി 18 ലക്ഷം രൂപയും വകയിരുത്തിയിരുന്നു.

(ബി) 2014-15 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന ക്രമത്തിൽ ജില്ലകൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

ക്രമ നമ്പർ	ജില്ല	സൗജന്യ റേഷൻ	സമ്പാദ്യ സമാശ്വാസം
1	തിരുവനന്തപുരം	...	36530100
2	കൊല്ലം	100000	33579600
3	ആലപ്പുഴ	300000	48132900
4	എറണാകുളം	300000	26261400
5	തൃശ്ശൂർ	7000	7348200
6	മലപ്പുറം	25000	16900500
7	കോഴിക്കോട്	100000	24237600
8	കണ്ണൂർ	20000	5141250
9	കാസർഗോഡ്	10000	9520350
	ആകെ	862000	207651900

(സി) 2014-15 സാമ്പത്തിക വർഷം സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിനും സമ്പാദ്യ സമാശ്വാസ പദ്ധതിയിനത്തിൽ തുക വിതരണം ചെയ്യുന്നതിനുമായുള്ള ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.